**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4599** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിൽ വനത്തോട് ചേർന്ന സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തോട് ചേർന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേരാണ് അപേക്ഷ നൽകിയതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ; | (എ) | ആദിവാസി ഇതര വിഭാഗത്തിൽപെടുന്നവരുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി (നവകിരണം) നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ നിന്ന് നിലവിൽ 190 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഏറനാട് മണ്ഡലത്തിൽ നിന്നും അപ്രകാരം ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചവയെത്രയെന്നും ഭൂമി വിട്ടുകൊടുത്തതിനുള്ള പ്രതിഫലം നൽകിയത് എത്രപേർക്കെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ; വ്യക്തമാക്കാമോ; | (ബി) | ആദ്യ, ഘട്ടത്തിൽ അപേക്ഷകൾ നൽകിയ 190 അപേക്ഷകരിൽ പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കപ്പെട്ട 75 അപേക്ഷകളാണുണ്ടായിരുന്നത്. ആയതിൽ 22 പേർക്ക് മുഴുവൻ തുകയും നൽകി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 53 അപേക്ഷകർക്ക് നിലവിൽ ഒന്നാം ഗഡു തുക നൽകിയിട്ടുണ്ട്. ടി 53 പേർ ഒന്നാം ഗഡു തുക കൈപ്പറ്റി ഭൂമി സർക്കാരിലേക്ക് വിട്ടു നൽകിയവരാണ്. അവർക്കുള്ള രണ്ടാം ഗഡു തുക നൽകാനുണ്ട്.<br><br>കിഫ്ബി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അനുവദിച്ച തുകയിൽ നിന്നും ,.ആകെയുള്ള 190 അപേക്ഷകരിൽ മേൽ 75 പേർ കഴിച്ചു ബാക്കിയുള്ള അപേക്ഷകളിൽ നടപടിക്രമം പൂർത്തീകരിച്ച 24 അപേക്ഷകർക്ക് ഒന്നാം ഗഡു തുക അനുവദിക്കുന്നതിന് വേണ്ടിയുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സ്വകാര്യ ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലമ്പൂർ,ചാലിയാർ,ചേരിയം കുന്നത്ത് ശ്രീ.വിനോദ് കുമാർ മുതൽ പേർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | ചേരിയംകത്ത് സെറ്റിൽമെന്റിലെ ശ്രീ. വിനോദ് കുമാർ മുതൽപ്പേർ ഉൾപ്പെടെ നിലമ്പൂർ നോർത്ത് ഡിവിഷനിൽ നവകിരണം പദ്ധതി പ്രകാരം ഭൂമി വിട്ടു നൽകുവാൻ അപേക്ഷ നൽകിയവരുടെയും താൽപ്പര്യമുള്ളവരുടേയും വിവരങ്ങൾ കിഫ്ബി മൂന്നാം ഘട്ടത്തിൽ തുക അനുവദിച്ച് നൽകുന്നതിന് വേണ്ടി പ്രൊപ്പോസൽ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ